# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2803 — 12.10.2011-ൽ മറുപടി നൽകേണ്ടിയിരുന്നത്

### ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും പിരിച്ചുവിട്ടതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ വിജയൻ | ശ്രീ. കെ.സി. ജോസഫ്<br>ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി |
| (എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ച സാങ്കേതിക വിഭാഗം ജീവനക്കാരായ ഓവർസിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ - കം അക്കൗണ്ടന്റ് എന്നിവരിൽ കാലാവധിക്കു മുൻപ് ഈ സർക്കാർ വന്നതിനുശേഷം എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ച സാങ്കേതിക വിഭാഗം ജീവനക്കാരായ അസി: എഞ്ചിനീയർ/ ഓവർസിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ - കം അക്കൗണ്ടന്റ് എന്നിവരിൽ കാലാവധിക്കു മുൻപ് ഈ സർക്കാർ വന്നതിനു ശേഷം വിവിധ പഞ്ചായത്തുകൾ നിയമാനുസൃതം പിരിച്ചു വിടപ്പെട്ടവരെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | ഗ്രാമപഞ്ചായത്തിന്റെ പേര് | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | ഓവർസിയർ/ എഞ്ചിനീയർ |
|---|---|---|---|
| ഇടുക്കി | ഉടുമ്പന്നൂർ | 1 | 1 |
| | സേനാപതി | 1 | - |
| പാലക്കാട് | മുണ്ടൂർ | - | 1 |
| എറണാകുളം | കോട്ടപ്പടി | 1 | - |
| | രാമമംഗലം | 1 | - |
| | ഒക്കൽ | 1 | - |
| | കൂവപ്പടി | - | 1 |
| മലപ്പുറം | താഴേക്കാട് | 1 | 1 |
| ആകെ | | 6 | 4 |

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള ഉത്തരവ് പ്രകാരം ഏതെങ്കിലും പഞ്ചായത്തിൽ പിരിച്ചുവിടുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കാതെ പിരിച്ചു വിട്ടിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ? | (ബി) | നിലവിലുള്ള 29.06.2011 ലെ സർക്കാർ ഉത്തരവ് (സാധാ)നം. 1549/11/ തസ്വഭവ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഗ്രാമ/ബ്ലോക്ക് തല കരാർ ഉദ്യോഗസ്ഥരായ അസി: എഞ്ചിനീയർ/ ഓവർസിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ നിയമനം/പുനർനിയമനം, പിരിച്ചുവിടുന്നതിനുള്ള അധികാരം എന്നിവ നിയമനാധികാരികളായ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സമിതികൾക്ക് തന്നെ നിലനിർത്തിയിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിക്കാതെ കരാർ ജീവനക്കാരെ പിരിച്ചു വിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ